കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - നഗരകാര്യഡയറക്ടറേറ്റിലെ ക്ലാർക്ക് ശ്രീമതി ഷെറീന പരീദിന് അന്തർ വകുപ്പ് സ്ഥലംമാറ്റം വഴി പഞ്ചായത്ത് വകുപ്പിൽ ഇടുക്കി ജില്ലയിൽ നിയമനത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

# തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

**സ.ഉ(സാധാ) നം.3448/2015/തസ്വഭവ     തീയതി, തിരുവനന്തപുരം.20/11/2015**

---

പരാമർശം:
1. സ.ഉ(പി) നം. 05/2013/ഉഭപവ തീയതി 06.02.2013.
2. ശ്രീമതി ഷെറീന പരീദിന്റെ 22.04.2015 ലെ അപേക്ഷ.
3. നഗരകാര്യ ഡയറക്ടറുടെ 28.01.2015 ലെ ഇ 1/13994/14 നമ്പർ കത്ത്.
4. പഞ്ചായത്ത് ഡയറക്ടറുടെ 01.09.2015 ലെ ഇ 6-3270/2015 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

നഗരകാര്യഡയറക്ടറേറ്റിലെ ക്ളാർക്ക് ശ്രീമതി ഷെറീന പരീദ് അന്തർ വകുപ്പ് സ്ഥലംമാറ്റം വഴി പഞ്ചായത്ത് വകുപ്പിൽ ഇടുക്കി ജില്ലയിൽ നിയമനത്തിനായി പരാമർശം 2 പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 4 പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

ശ്രീമതി ഷെറീന പരീദ് ആസ്ഥാന ഒഴിവിൽ 20.11.2014 ൽ നഗരകാര്യഡയറക്ടറേറ്റിൽ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. നഗരകാര്യവകുപ്പിന് ഇടുക്കി ജില്ലയിൽ ഓഫീസുകൾ ഇല്ലെന്നും അന്തർ വകുപ്പ് സ്ഥലം മാറ്റം നല്കുന്ന പക്ഷം ജോലിയിൽ നിന്നും വിടുതൽ ചെയ്യുന്നതിന് തടസ്സമില്ലെന്നും പരാമർശം 3 പ്രകാരം നഗരകാര്യഡയറക്ടർ അറിയിച്ചിട്ടുണ്ട്. ടിയാൾക്ക് അന്തർവകുപ്പ് സ്ഥലംമാറ്റ വ്യവസ്ഥയിൽ നിയമനം നല്കുന്നതിന് ഇടുക്കി ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിശ്ചിത ശതമാന പരിധിയിൽ ഒഴിവ് നിലവിലുള്ളതായി ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ പരാമർശം 4 പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൂചന 1 ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം നഗരകാര്യഡയറക്ടറേറ്റിലെ ക്ളാർക്ക് ശ്രീമതി ഷെറീന പരീദിന് അന്തർ വകുപ്പ്

സ്ഥലംമാറ്റം വഴി പഞ്ചായത്ത് വകുപ്പിൽ ഇടുക്കി ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീമതി ഷെറീന പരീദ് പഞ്ചായത്ത് വകുപ്പിൽ പ്രൊബേഷൻ പൂർത്തിയാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല.സി.എസ്**
ഗവ.അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം 695 033.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
ശ്രീമതി ഷെറീന പരീദ്, ക്ലാർക്ക്, നഗരകാര്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം 695 033.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എൽ.ബി.എ &എ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐകെഎം, തിരുവനന്തപുരം.
കരുതൽ ഫയൽ / ആഫീസ് പകർപ്പ്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ